**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4264** **21.07.2015-ൽ മറുപടിക്ക്**

## കുടുംബശ്രീ മുഖേന നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.രാധാകൃഷ്ണൻ<br>" വി.ശിവൻകുട്ടി<br>ശ്രീമതി. പി.അയിഷാപോറ്റി<br>ശ്രീ. ബി.സത്യൻ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യ നീതിയും)<br>വകുപ്പു മന്ത്രി) |
| (എ) കുടുംബശ്രീ മുഖേന നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ ; | (എ) എൻ.ആർ.എൽ.എം, എം.കെ.എസ്.പി, ഐ.എച്ച്.എസ്.ഡി.പി, റേ, ബി.എസ്.യു.പി, എൻ.യു.എൽ.എം എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളാണ് കുടുംബശ്രീ മുഖാന്തിരം നടപ്പിലാക്കുന്നത്. |
| (ബി) ഇവ ഓരോന്നിന്റെയും നടത്തിപ്പു സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) നടത്തിയിട്ടുണ്ട്. ഐ.എച്ച്.എസ്.ഡി.പി, റേ, ബി.എസ്.യു.പി, നഗരകാര്യ ഡയറക്ടർ വിളിച്ചുകൂട്ടുന്ന യോഗങ്ങളിൽ ഈ പദ്ധതികളുടെ അവലോകനം നടത്താറുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പ് പ്രൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായിട്ടുള്ള സ്റ്റേറ്റ് ലെവൽ കോ- ഓർഡിനേഷൻ കമ്മിറ്റിയിൽ ഐ.എച്ച്.എസ്.ഡി.പി പദ്ധതിയെക്കുറിച്ചും നഗരകാര്യ വകുപ്പ് മന്ത്രി അദ്ധ്യക്ഷനായിട്ടുള്ള സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയിൽ ബി.എസ്.യു.പി പദ്ധതിയെക്കുറിച്ചും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായിട്ടുള്ള സ്റ്റിയറിംഗ് കമ്മിറ്റി റേ പദ്ധതിയെക്കുറിച്ചും അവലോകനം നടത്താറുണ്ട്. എം.കെ.എസ്.പി, എൻ.ആർ.എൽ.എം പദ്ധതികൾ സംബന്ധിച്ച് ജില്ലാ സംസ്ഥാനതല പി.ആർ.എമ്മുകളിലും കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടത്തുന്ന അവലോകന യോഗങ്ങളിലും വിലയിരുത്തലുകൾ നടത്താറുണ്ട്. |
| (സി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് 2014-15-ൽ കേന്ദ്രത്തിൽ നിന്നും അനുവദിക്കപ്പെട്ട തുകയിൽ എത്ര തുക ചെലവഴിച്ചു; കണക്ക് ലഭ്യമാക്കുമോ ? | (സി) 2014-15 വർഷത്തിൽ കേന്ദ്രത്തിൽ നിന്നും അനുവദിച്ച തുകയും ചെലവഴിച്ച തുകയും ചുവടെ കൊടുക്കുന്നു. |

| 2014-15-ൽ ലഭ്യമായ തുക | ചെലവാക്കിയ തുക |
| --- | --- |
| 6827.066 ലക്ഷം | 3205.59 ലക്ഷം |

(ഒപ്പ്)
സെക്ഷൻ ഓഫീസർ